# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 10.01.2025**

## പ്രധാനവാർത്തകൾ

1). ആഗോള സമൂഹത്തിന് രാജ്യത്തിൻറെ യഥാർത്ഥ ചിത്രമാണ് പ്രവാസി ഇന്ത്യൻ സമൂഹം പകർന്നു നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

2). സാമൂഹ്യനീതിയും മതനിരപേക്ഷതയും ഉറപ്പുവരുത്താൻ സർക്കാർ പദ്ധതികൾ 100 ശതമാനവും ജനങ്ങളിലെത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

3). വികസിത ഭാരതമെന്ന ലക്ഷ്യം യാഥാർത്ഥ്യമാകാൻ രാജ്യത്തെ നയിക്കേണ്ടവരാണ് വിദ്യാർത്ഥികളെന്ന് കേന്ദ്രസഹമന്ത്രി എൽ മുരുഗൻ. മലിനീകരണം ഒഴിവാക്കാൻ പരിസ്ഥിതി സൗഹൃദമായ മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കണമെന്നും മന്ത്രി.

4). സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമവും ജനസൗഹൃദമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്.

5). ഭാവഗായകൻ പി ജയചന്ദ്രന് നാടിന്റെ അന്ത്യാഞ്ജലി. സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നാളെ നടക്കും.

6) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ എമർജൻസി മെഡിസിൻ വിഭാഗത്തെ ട്രോമ കെയറിൻറെയും ബേൺസ് ചികിത്സയുടേയും സെൻറർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചു.

*****************************************************************************************

RNU TVPM

## രാഷ്ട്രപതി - പ്രവാസി ഭാരതീയ ദിവസ്

ആഗോള സമൂഹത്തിന് രാജ്യത്തിൻ്റെ യഥാർത്ഥ ചിത്രമാണ് പ്രവാസി ഇന്ത്യൻ സമൂഹം പകർന്നു നൽകുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒഡീഷയിൽ ഭുവനേശ്വറിൽ 18- ആമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനത്തിൻ്റെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. മെഡിസിൻ, സാങ്കേതികവിദ്യ തുടങ്ങി എല്ലാ മേഖലകളിലും പ്രവാസി ഇന്ത്യൻ സമൂഹം മികവു പുലർത്തുന്നതായും ശ്രീമതി ദ്രൗപദി മുർമു പറഞ്ഞു. വിവിധ മേഖലകളിലെ മികവിനുള്ള പ്രവാസി ഭാരതീയ പുരസ്കാരങ്ങളും ചടങ്ങിൽ രാഷ്ട്രപതി സമ്മാനിച്ചു.

****************************************************************************************************

## പ്രധാനമന്ത്രി - വികസിത ഭാരതം

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കാൻ 2047-ഓടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സർക്കാർ പദ്ധതികൾ 100 ശതമാനവും ജനങ്ങളിലെത്തണം. സാമൂഹ്യനീതിയും മതനിരപേക്ഷതയും ഉറപ്പുവരുത്താൻ ഇതാവശ്യമാണ്. രാഷ്ട്രീയത്തിൽ വിജയിക്കാൻ സമർപ്പണം, പ്രതിബദ്ധത, കൂട്ടായി പ്രവർത്തിക്കാനുള്ള കഴിവ് എന്നിവ വേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

****************************************************************************************************

## എൽ മുരുഗൻ - (ഇൻട്രോ)

പരിസ്ഥിതി, സ്ത്രീശാക്തീകരണം, മനുഷ്യാവകാശം തുടങ്ങിയ വിഷയങ്ങൾക്കായി പോരാടിയ സാമൂഹിക പ്രവർത്തകയാണ് സുഗതകുമാരിയെന്ന് കേന്ദ്രസഹമന്ത്രി എൽ മുരുഗൻ പറഞ്ഞു. സുഗത നവതിയുടെ ഭാഗമായി കൊല്ലം ആവണീശ്വരം

RNU TVPM

പദ്മനാഭപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സുഗത സൂക്ഷ്മവനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ മുരുഗൻ. കേരളചരിത്രത്തിൽ സുഗതകുമാരിയുടെ സ്ഥാനം വളരെ വലുതാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

**(ഹോൾഡ്.....................)**

പ്രകൃതിസംരക്ഷണം, സഹജീവിസ്നേഹം, സാമൂഹ്യനീതി, സ്ത്രീ ശാക്തീകരണം തുടങ്ങി മാനവിക ആശയങ്ങൾക്കായി സുഗതകുമാരി വലിയ പങ്കുവഹിച്ചുവെന്നും, പ്രകൃതി സംരക്ഷണത്തിനായി സുഗതകുമാരി മുന്നോട്ട് വച്ച ആശയങ്ങൾ കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളിലൂടെ യാഥാർത്ഥ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. ആവണീശ്വരംസ്കൂൾ അങ്കണത്തിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നട്ടു. നേരത്തെ കൊല്ലം അമൃത വിശ്വവിദ്യാപീഠം ക്യാമ്പസിലും പരിപാടിയുടെ ഭാഗമായി അദ്ദേഹം വൃക്ഷതൈ നട്ടു. ക്യാമ്പസിലെ ചടങ്ങിന് ശേഷം ബോട്ടിൽ അദ്ദേഹം അമൃതപുരിയിലെത്തി. മുതിർന്ന ബിജെപി നേതാവ് കുമ്മനം രാജശേഖരൻ, സർവകലാശാല പ്രതിനിധികൾ, സ്വാമിമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. സുഗത സൂക്ഷ്മവനം ആശയത്തിൻ്റെ ഭാഗമായി പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കണ്ടറി സ്കൂളിലും കേന്ദ്ര മന്ത്രി എൽ. മുരുകൻ മാവിൻ തൈ നട്ടു.

******************************************************************************************

**<u>എൽ മുരുഗൻ- (ഇൻട്രോ) 2</u>**

വികസിത ഭാരതമെന്ന ലക്ഷ്യം യാഥാർത്ഥ്യമാകാൻ രാജ്യത്തെ നയിക്കേണ്ടവരാണ് വിദ്യാർത്ഥികളെന്ന് കേന്ദ്രസഹമന്ത്രി എൽ മുരുഗൻ.

**<u>(ഹോൾഡ് വോയിസ്...................)</u>**

RNUTVPM

മലിനീകരണം ഒഴിവാക്കാൻ പരിസ്ഥിതിസൗഹൃദമായ പ്രായോഗികമാർഗ്ഗങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കണമെന്നും കേന്ദ്രമന്ത്രി വിദ്യാർഥികളോട് ആഹ്വാനം ചെയ്തു.

******************************************************************************************

**<u>സർക്കാർ സംവിധാനങ്ങൾ-വീണാ ജോർജ്</u>**

സർക്കാർ സംവിധാനങ്ങൾ ജനസൗഹൃദമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ്. കരുതലും കൈത്താങ്ങും കോതമംഗലം താലൂക്ക് അദാലത്ത്, കോതമംഗലം സെൻറ് തോമസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അടിസ്ഥാന സൗകര്യങ്ങളിലെ മാറ്റം മാത്രമല്ല, ജനങ്ങളുടെ ആവശ്യങ്ങൾ മനസിലാക്കി ന്യായമായ, നിയമപരമായ ഇടപെടൽ കാര്യക്ഷമമാക്കുക കൂടിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഫയൽ അദാലത്തുകൾ, പരാതി പരിഹാര അദാലത്തുകൾ തുടങ്ങിയവയിലൂടെ നീതിയും ന്യായവും താമസമില്ലാതെ ജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

******************************************************************************************

**<u>പി ജയചന്ദ്രൻ</u>**

ഭാവഗായകൻ പി ജയചന്ദ്രൻറെ സംസ്കാരം നാളെ. പൂങ്കുന്നത്തെ വസതിയിലും കേരള സംഗീത അക്കാദമി റീജിയണൽ തീയേറ്റർ അങ്കണത്തിലുമായി രാവിലെ പൊതുദർശനം നടന്നു. കലാ രാഷ്ട്രീയ സാമൂഹ്യ മേഖലകളിലെ പ്രമുഖർ അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തി. സർക്കാരിന് വേണ്ടി മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു എന്നിവർ റീത്ത് സമർപ്പിച്ചു. നാളെ രാവിലെ എട്ടുമണി വരെ വീട്ടിൽ പൊതുദർശനം തുടരും. ശേഷം തറവാട് വീടായ പറവൂർ പാലിയത്ത് വീട്ടിലേക്ക് കൊണ്ടുപോകും. മൂന്നുമണിക്ക്

RNU TVPM

ശേഷം കുടുംബവീട്ടു വളപ്പിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടക്കും.

*******************************************************************************************

**<u>തിരുവനന്തപുരം മെഡിക്കൽകോളേജ്</u>**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൻറെ എമർജൻസി മെഡിസിൻ വിഭാഗത്തെ ട്രോമ കെയറിൻറെയും ബേൺസ് ചികിത്സയുടേയും സെൻറർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചു. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു. പരിക്കുകളുടേയും പൊള്ളലിൻറെയും പ്രതിരോധത്തിനും മാനേജ്മെൻറിനുമുള്ള ദേശീയ പരിപാടിയുടെ ഭാഗമായി കേന്ദ്ര സർക്കാർ ആദ്യമായി പ്രഖ്യാപിച്ച സെൻറർ ഓഫ് എക്സലൻസ് പട്ടികയിൽ രാജ്യത്തെ എട്ട് പ്രമുഖ ആരോഗ്യ സ്ഥാപനങ്ങളിൽ ഒന്നായി ഇടം പിടിക്കാൻ കേരളത്തിനായി. സെൻറർ ഓഫ് എക്സലൻസ് പ്രകാരം 2024-25 മുതൽ 2025-26 വരെ ഓരോ വർഷവും രണ്ട് കോടി രൂപ വീതം മെഡിക്കൽ കോളേജിന് ലഭിക്കും.

RNUTVPM

*******************************************************************************************

**<u>സ്വർഗ്ഗവാതിൽ ഏകാദശി</u>**

സ്വർഗവാതിൽ ഏകാദശിയോടനുബന്ധിച്ച് സംസ്ഥാനത്തെ വൈഷ്ണവ ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്ക്. പ്രത്യേക പൂജകളും ഉണ്ടായിരുന്നു. തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിവിടങ്ങളിൽ അഭൂതപൂർവമായ തിരക്കാണ് അനുഭവപ്പെട്ടത്.

*******************************************************************************************

**എരുമേലി പേട്ട തുള്ളൽ**

നാളെ നടക്കുന്ന എരുമേലി പേട്ട തുള്ളലിനുള്ള അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ എരുമേലിയിലെത്തി. വാവര് പള്ളി എന്നറിയപ്പെടുന്ന നൈനാർ പള്ളിയിൽ അൽപസമയത്തിനകം നടക്കുന്ന ചന്ദനക്കുട ഘോഷയാത്രക്ക് മുന്നോടിയായി മഹല്ല് മുസ്ലീം ജമാ അത്തിൻറെ ആതിഥേയത്വത്തിൽ വൈകിട്ട് നടന്ന സൗഹൃദ സംഗമത്തിൽ അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ പങ്കെടുത്തു.
ഉടൻ നടക്കുന്ന സമ്മേളനം മന്ത്രി വി എൻ വാസവൻ ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ ചന്ദനക്കുട ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്യും. നാളെ ഉച്ചയോടെ എരുമേലി ധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് അമ്പലപ്പുഴ സംഘം പേട്ട കെട്ട് ആരംഭിക്കും. ഉച്ചകഴിഞ്ഞാണ് ആലങ്ങാട് സംഘത്തിൻറെ പേട്ട കെട്ടൽ.

****************************************************************************************

**ബ്രേക്ക്..........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

****************************************************************************************

**ബോബി ചെമ്മണ്ണൂർ**

നടി ഹണി റോസിനെതിരെ ലൈംഗിക അധിക്ഷേപം നടത്തിയതിന് അറസ്റ്റിലായ വ്യവസായി ബോബി ചെമ്മണ്ണൂരിൻറെ ജാമ്യാപേക്ഷ പരിഗണിക്കുന്നത് ഹൈക്കോടതി ചൊവ്വാഴ്ചയിലേക്ക് മാറ്റി. തനിക്കെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ നിലനിൽക്കുന്നതല്ലെന്ന് ബോബി ചെമ്മണ്ണൂർ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ അടിയന്തര പ്രാധാന്യം നൽകി പരിഗണിക്കേണ്ടതി

PNU TVPM

ല്ലെന്ന് അഭിപ്രായപ്പെട്ടാണ് ഹൈക്കോടതി ഹർജി ചൊവ്വാഴ്ചത്തേക്ക് മാറ്റിയത്.

****************************************************************************************************

<u>ഇടുക്കി - (ഇൻട്രോ)</u>

സംസ്ഥാനത്ത് ഉൽപ്പാദനം കുറഞ്ഞതോടെ നേന്ത്രക്കായ വില കുത്തനെ ഉയർന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെയുള്ള നേന്ത്രക്കായ വരവ് കുറഞ്ഞതും ഇപ്പോഴത്തെ വില വർധനവിന് കാരണമായി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......**

**(വോയിസ്.....)**

****************************************************************************************************

<u>ക്രിക്കറ്റ്</u>

അയർലൻഡിനെതിരായ വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ഇന്ത്യയ്ക്ക് ആറ് വിക്കറ്റ് ജയം. അയർലൻഡ് ഉയർത്തിയ 238 റൺ വിജയലക്ഷ്യം 34.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടന്നു.

RNUTVPM

****************************************************************************************************

<u>ഐ.എസ്.എൽ</u>

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്നത്തെ മത്സരത്തിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, പഞ്ചാബ് എഫ്.സി യെ നേരിടും. അസം തലസ്ഥാനമായ ഗുവഹത്തിയിലെ ഇന്ദിരാഗാന്ധി അത് ലറ്റിക് സ്റ്റേഡിയത്തിൽ രാത്രി 7.30-നാണ് മത്സരം.

****************************************************************************************************

## തിരുവനന്തപുരം-വിദ്യാർത്ഥി മരണം

തിരുവനന്തപുരം മടവൂരിൽ സ്കൂൾ വിദ്യാർത്ഥിനി സ്കൂൾ ബസ് കയറി മരിച്ചു. മടവൂർ ഗവൺമെൻറ് എൽ പി സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിനി കൃഷ്ണേന്ദു ആണ് മരിച്ചത്.
കുട്ടിയുടെ വീടിനു മുന്നിലാണ് അപകടം നടന്നത്.

**************************************************************************************************

## കണ്ണൂർ - തോട്ടിൽ വീണ് മരിച്ചു

കണ്ണൂർ വെങ്ങരയിൽ സ്കൂളിലേക്ക് പോകുന്നതിനിടെ വിദ്യാർത്ഥിനി തോട്ടിൽ വീണ് മരിച്ചു. മാടായി ഗവൺമെൻ്റ് ഗേൾസ് സ്കൂൾ പത്താം ക്ലാസ്സ് വിദ്യാർത്ഥിനി എൻ വി ശ്രീനന്ദയാണ് മരിച്ചത്.

PNU TVPM

**************************************************************************************************

## സസ്പെൻഷൻ നീട്ടി

കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന എം. പ്രശാന്തിൻറെ സസ്പെൻഷൻ കാലാവധി നീട്ടി. 120 ദിവസത്തേക്കാണ് നീട്ടിയത്. കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി നൽകാത്തതിനെ തുടർന്ന് റിവ്യൂ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമാണ് നടപടി. അതേസമയം വാട്ട്സ് ആപ്പ് ഗ്രൂപ്പ് വിവാദത്തെ തുടർന്ന് സസ്പെൻഷനി ലായിരുന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ കെ ഗോപാലകൃഷ്ണനെ സർവ്വീസിൽ തിരിച്ചെടുത്തു.

**************************************************************************************************

## <u>ജോർജ് കുര്യൻ</u>

ഭാരതീയ വിചാര കേന്ദ്രം സംസ്ഥാന സമ്മേളനത്തിന് മലപ്പുറം തിരൂരിൽ തുടക്കമായി. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിന് സംസ്ഥാന സമിതി യോഗത്തോടെയാണ് തുടക്കമായത്. സമ്മേളനത്തിന്റെ ഉദ്ഘാടനം നാളെ രാവിലെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവ്വഹിക്കും. തുടർന്ന് വിവിധ വിഷയങ്ങളിൽ സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കും. മറ്റന്നാൾ സമ്മേളനം സമാപിക്കും.

*************************************************************

**********************************************************************************************************

**********************

RNU TVPM